ഇവരുടെ പ്രാർത്ഥനയിൽ നേതൃത്വം നൽകാനായി എല്ലായിടത്തും മുല്ലമാരെ ശമ്പളംകൊടുത്തു നിയമിച്ചിട്ടുണ്ട്.

ഷാ ഇറാനെയാകെ ഒരു 'നൈററ്'ക്ലബ്ബ്'' ആക്കി മാററാൻ യത്നിച്ചപ്പോൾ, ഖൊമൈനി രാജ്യത്തെ ഒരു പള്ളിയാക്കി മാററാൻ ശ്രമിക്കുകയാണെന്നു പറയാറുണ്ട്. 'ബഹായികൾ' എന്ന മതവിഭാഗക്കാർക്ക് ഇറാനിൽ അസഹ്യമായ മർദനം അനുഭവപ്പെടുന്നതായി അവർ പറയുന്നുണ്ട്. മററു മതന്യൂനപക്ഷങ്ങളുടെ സ്ഥിതി എന്തെന്ന് അറിഞ്ഞുകൂടാ. അവരെപ്പററി വളരെയൊന്നും പറഞ്ഞുകേൾക്കാറില്ല.

ഒരു മതം മാത്രമല്ല, ഒരു സമഗ്രജീവിതരീതികൂടിയാണ് ഇസ്‌ലാം. അലയടിച്ചുയരുന്ന യാന്ത്രികവ്യാവസായികപാശ്ചാത്യസഭ്യതയുടെ കടലിൻെറ നടുവിൽ ഒരു തുരുത്തുപോലെ ഒരു ഇസ്‌ലാമികരാഷ്ട്രത്തിനു് എത്രകാലം നിലനിൽക്കാൻ കഴിയും? അത്തരമൊരു ചെറുരാജ്യത്തിൽ പരിസ്ഥിതികളുടെ സമ്മർദത്തിനു വിധേയമായി രൂപംകൊള്ളുന്ന ഇസ്‌ലാമികസംസ്കാരത്തിൻെറ രൂപം ഏതു വിധമായിരിക്കും? ഈ ചോദ്യങ്ങൾക്ക് ആരും ഉത്തരം നൽകുന്നില്ല. അതേസമയം 'ഇസ്‌ലാമിക ഫണ്ടമെൻറലിസ'ത്തിൽ അടിയുറച്ചു വിശ്വസിക്കുന്ന ഇമാം ഖൊമൈനിക്കു കീഴിൽ ഇറാനു് വന്നുകൊണ്ടിരിക്കുന്ന മാററങ്ങൾ ലോകമെങ്ങും താല്പര്യം ഉണർത്തുന്നുണ്ട്. ശ്രദ്ധാപൂർവമായ പഠനം അർഹിക്കുന്ന ഒന്നാണ് ഇറാനിലെ സാമൂഹ്യപരീക്ഷണം. ബലപ്രയോഗത്തിലൂടെ ഒരു ജനതയെയാകെ മതസദാചാരത്തിലേക്കു നയിക്കാനുള്ള പരിശ്രമം, ഇന്നത്തെ ഏകലോക കാലഘട്ടത്തിൽ, എത്രമാത്രം ഫലപ്രദമായിരിക്കും?

# 15. അഹമ്മദീയർ

മതമേതായാലും രാഷ്ട്രം (സ്റ്റേററ്) മതാധിഷ്ഠിതമാവരുതു്. മതാധിഷ്ഠിതമായ രാഷ്ട്രത്തിൽ ന്യൂനപക്ഷ മതവിഭാഗങ്ങൾക്കു നേരിടാവുന്ന കെടുതികൾക്ക്, പാകിസ്ഥാനിലെ അഹമ്മദീയവിഭാഗക്കാരുടെ ഇപ്പോഴത്തെ ദുസ്ഥിതി ഉദാഹരണമാണ്.

അഹമ്മദീയരെ 'കാദിയാനികൾ' എന്നും വിളിക്കാറുണ്ട്. ഇപ്പോൾ ഇന്ത്യയിൽപ്പെട്ട കിഴക്കൻ പഞ്ചാബിൽ, 'കാദിയാൻ' എന്ന നഗരത്തിൽ പിറന്ന മിർസാഗുലാം അഹമ്മദ് എന്നൊരാളാണ് 1889–ാമാണ്ടിൽ അഹമ്മദീയമതവിഭാഗം സ്ഥാപിച്ചതു്. താൻ ഇസ്ലാമിലെ ഒരു പ്രവാചകനും, ക്രിസ്തുവിൻെറയും കൃഷ്ണൻെറയും അവതാരവുമാണെന്നു് 1882–ൽ മിർസാഗുലാം അഹമ്മദ് പ്രഖ്യാപിച്ചുവത്രെ. ഏകദൈവവിശ്വാസം പുലർത്തുകയും, മഹമ്മദ്നബിയെ പ്രവാചകനായി അംഗീകരിക്കുകയും, ഖുറാനിൽ അടിയുറച്ചു വിശ്വസിക്കുകയും, മുസ്ലീം ആചാരക്രമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുന്നുണ്ടെങ്കിലും, മിർസാഗുലാം അഹമ്മദ് ഒരു പില്ക്കാല പ്രവാചകനാണെന്നു കരുതുന്നതിനാൽ, അഹമ്മദീയരെ മുസ്ലീങ്ങളായി കണക്കാക്കാൻ യാഥാസ്ഥിതിക മുസ്ലീങ്ങളും, അവരെ തുടർന്ന്, പാകിസ്ഥാൻ സർക്കാരും വിസമ്മതിക്കുന്നു.

പാകിസ്ഥാനെ ശരിക്കുമൊരു 'ഇസ്ലാമികരാഷ്ട്രം' ആക്കുന്നതിനുള്ള പ്രയത്നങ്ങളിൽ മുഴുകിയിരിക്കുകയാണ് അവിടത്തെ സൈനികഭരണാധികാരിയായ സിയാ ഉൽഹക്ക്. ഇക്കഴിഞ്ഞ ഏപ്രിൽമാസത്തിൽ സിയാ ഉൽഹക്ക് പാസ്സാക്കിയ ഒരു ഓർഡിനൻസ്പ്രകാരം, തങ്ങൾ മുസ്ലീങ്ങളാണെന്നു മേലിൽ പാകിസ്ഥാനിലെ അഹമ്മദീയർ പറഞ്ഞുകൂടാ.

തങ്ങളുടെ മതം ഇസ്ലാം ആണെന്നും അവർ പറയരുത്. സ്വന്തം ആരാധനാ മന്ദിരങ്ങളെ അവർ പള്ളികൾ (മസ്ജിദ്, മോസ്ക്) എന്നു വിളിക്കരുത്. മുസ്ലീം ആരാധനയോടു ബന്ധപ്പെട്ട സാങ്കേതികനാമങ്ങൾ തങ്ങളുടെ ആരാധനച്ചടങ്ങുകളുടെ പേരായി അവർ ഉപയോഗിക്കരുത്. അതായത് തങ്ങൾ മുസ്ലീങ്ങളല്ലെന്ന് അഹമ്മദീയർ പരസ്യമായി സമ്മതിക്കണം. അഹമ്മദീയർ സ്വന്തം മതവിശ്വാസങ്ങൾ മററുള്ളവർക്കിടയിൽ പ്രചരിപ്പിക്കുകയോ, അവ സ്വീകരിക്കാൻ മററുള്ളവരെ ക്ഷണിക്കുകയോ ചെയ്യരുത്. മുസ്ലീങ്ങളുടെ മതവികാരങ്ങളെ ക്ഷോഭിപ്പിക്കുന്ന ഒന്നും അഹമ്മദീയർ ചെയ്യരുത്. ഇതിനെതിരായി പ്രവർത്തിക്കുന്ന അഹമ്മദീയരെ, കോടതിയിൽ വിചാരണ കൂടാതെ, ജയിലിലടയ്ക്കാമെന്നും അവർക്കു മൂന്നുവർഷംവരെ തടവുശിക്ഷയും എത്രയെങ്കിലും പണം പിഴയും വിധിക്കാമെന്നും സിയാ ഉൽഹക്കിന്റെ ഓഡിനൻസ് അനുശാസിക്കുന്നു.

പാകിസ്ഥാനിലെ എട്ടരക്കോടി ജനങ്ങളിൽ മുപ്പതുലക്ഷത്തോളം ആളുകൾ അഹമ്മദീയർ ആണ്. തുടക്കംമുതല്ക്കേ പാകിസ്ഥാനുവേണ്ടി വാദിച്ചിരുന്നവരാണ് അഹമ്മദീയർ. പാകിസ്ഥാൻ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കളിൽ ഒരാളായിരുന്ന സർ സഫറുള്ളാഖാൻ അറിയപ്പെടുന്ന ഒരു അഹമ്മദീയനായിരുന്നു. ജിന്നയുടെ കീഴിൽ പാകിസ്ഥാനിലെ ആദ്യത്തെ വിദേശകാര്യമന്ത്രിയായിരുന്ന ഇദ്ദേഹം പിന്നീട് ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലിയുടെ പ്രസിഡണ്ടും, അന്താരാഷ്ട്രീയകോടതിയിലെ ഒരു ജഡ്ജിയുമായി. പാകിസ്ഥാനിലെ നോബൽസമ്മാനം നേടിയ ഭൗതികശാസ്ത്രജ്ഞനായ അബ്ദുസ് സലാം ഒരു അഹമ്മദീയൻ ആണ്. അനേകം അഹമ്മദീയർ പാകിസ്ഥാൻ സൈന്യത്തിനും സർക്കാരിലും ഉന്നതോദ്യോഗങ്ങൾ വഹിക്കുന്നുണ്ട്. എണ്ണത്തിൽ എത്രയോ കവിഞ്ഞ സ്വാധീനശക്തിയാണ് അഹമ്മദീയർക്ക് സമൂഹത്തിലുള്ളത്.

ഇന്ത്യ വിഭജിക്കപ്പെട്ടപ്പോൾ 1947–ൽ വളരെയേറെ അഹമ്മദീയർ, മിർസാഗുലാം അഹമ്മദിന്റെ നഗരമായ 'കാദിയാൻ' ഉപേക്ഷിച്ച് കൂട്ടത്തോടെ പാകിസ്ഥാനിലേക്കു പോയി. ലാഹോറിന് നൂററിമുപ്പത്താറു കിലോമീററർ പടിഞ്ഞാറ് മരുഭൂമിയിൽ, മൊട്ടക്കുന്നുകൾക്കു നടുവിൽ 'റബ്വാവ്' എന്ന ഒരു നഗരം അവർ സ്ഥാപിച്ചു. ഈ നഗരത്തിൽ ഇപ്പോൾ നാല്പതിനായിരത്തോളം അഹമ്മദീയരുണ്ട്. അഹമ്മദീയർ തീക്ഷ്ണതയുള്ള മതപ്രചാരകരാണ്. പടിഞ്ഞാറെ ആഫ്രിക്കയിലും ഇൻഡോനേഷ്യയിലും ധാരാളം അഹമ്മദീയർ പാർക്കുന്നു. ഇസ്രായേലിലെ ടെൽ അവീവിൽക്കൂടിയുണ്ട് അഹമ്മദീയരുടെ ഒരു വലിയ സമൂഹം. ലോകത്തിലെല്ലാ രാജ്യങ്ങളിലുംകൂടി ഒരു കോടിയോളം അഹമ്മദീയരുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. അവരുടെ പരമോന്നത നേതാവായ ഇമാം മിർസാ താഹിർ അഹമ്മദ് ഇപ്പോൾ ലണ്ടനിലാണുള്ളത്.

ഉയർന്ന ഉദ്യോഗങ്ങൾ വഹിക്കുന്ന അഹമ്മദീയരുടെ ഒരു പട്ടിക പാകിസ്ഥാൻ ഗവണ്മെൻറ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്ന് 'ലണ്ടൻ ടൈംസ്' പത്രം പറയുന്നു. (സ്റ്റേററ്സ്മാൻ, ജൂൺ 7) വൻതോതിലുള്ള പിരിച്ചുവിടലിന്റെ നാന്ദിയാവാം ഈ പട്ടികനിർമ്മാണമെന്ന് അഹമ്മദീയരും അവരുടെ എതിരാളികളും കരുതുന്നു. എങ്കിലും പാകിസ്ഥാനിലെ അഹമ്മദീയർ ഈ മർദ്ദനനിയമനടപടികൾക്കെതിരെ പ്രതിഷേധപ്രകടനങ്ങളൊന്നും നടത്തുന്നില്ല. പ്രതിഷേധങ്ങളുടെ ഫലമായി 'മുല്ല'മാരുടെയും അവർ നയിക്കുന്ന ജനക്കൂട്ടങ്ങളുടെയും കോപം തങ്ങൾക്കെതിരെ ആളിക്കത്തിയാലോ എന്നാണ് അവരുടെ ഭയം. അഹമ്മദീയർ മുസ്ലീങ്ങളല്ലെന്നു പ്രഖ്യാപിച്ചുകഴിഞ്ഞ സ്ഥിതിക്ക് 'ഇസ്ലാമിൽനിന്നു

മതംമാറിപ്പോയവർക്ക് മതനേതാക്കൾ നൽകുന്ന ശിക്ഷ അവർക്ക നേരി ടേണ്ടിവന്നേക്കാം; അവരെ വേണമെങ്കിൽ കല്ലെറിഞ്ഞു കൊല്ലാം' എന്നു 'ലണ്ടൻ ടൈംസ്'' പത്രം പറയുന്നു.

'കറാച്ചിയിൽ തിരക്കേറിയ കച്ചവടകേന്ദ്രത്തിലുള്ള കാദിയാനി (അഹമ്മദീയ) പള്ളിയുടെ ഗേററുകൾ തഴുതിട്ടു പൂട്ടിയിരിക്കുന്നു. പൊക്ക മുള്ള ചെറുപ്പക്കാരായ രണ്ടു് അഹമ്മദീയ വളണ്ടിയർമാർ അവിടെ കാവൽ നിൽക്കുന്നു. അവിടത്തെ പല പണികൾ—ഉദ്യാനപ്പണി, മേൽനോട്ട പ്പണി മുതലായവ—നടത്തുന്നതു് നാല്പതിലേറെ പ്രായമുള്ള അഹമ്മദീയ വളണ്ടിയർമാരാണു്. നാല്പതിൽത്താഴെ പ്രായമുള്ള വളണ്ടിയർമാർ യാ ഥാസ്ഥിതിക മുസ്ലീങ്ങളുടെ കോപത്തിൽനിന്നു് ഈ സ്ഥാപനത്തിനു് കുറെയൊക്കെ സംരക്ഷണം നൽകുന്നു. സ്വന്തം പേർ വെളിപ്പെടുത്തരു തെന്നു് നിഷ്കർഷയുള്ള ഈ വളണ്ടിയർമാർ തങ്ങളുടെ സംഘടനയ്ക്കെതിരെ യുള്ള പൊതുപ്രക്ഷോഭണത്തെപ്പററി ഭയത്തോടെ സംസാരിച്ചു. 'ആരാ ണു് മുസ്ലീം എന്നും, ആരൊക്കെ മുസ്ലീം അല്ല എന്നും തീരുമാനിക്കേണ്ടതു ഗവണ്മെൻറല്ല' എന്നു് അവർ പറഞ്ഞു' എന്നു് 'ലണ്ടൻ ടൈംസ്'' പത്രം തുടർന്നു് എഴുതുന്നു.

'അഹമ്മദീയർക്കെതിരായ ഓർഡിനൻസ് മനുഷ്യാവകാശങ്ങളുടെ ധിക്കാരപൂർവ്വമായ ഒരു ലംഘനമാണെന്നു കുററപ്പെടുത്തുന്നുണ്ടെങ്കിൽത്ത ന്നെ, ആ ഓർഡിനൻസിനു വഴങ്ങിക്കൊടുക്കാനാണു് ഒരു ഔപചാരിക യോഗത്തിൽ അഹമ്മദീയനേതാക്കൾ തീരുമാനിച്ചിട്ടുള്ളതു്. നിയമം അനുസരിക്കുന്നതിലോ, അതിനെതിരെ പൊരുതുന്നതിലോ ഏതിലാ ണു് അപകടം കുറവു് എന്നതാണു് പ്രശ്നമെന്നു് ഒരു നേതാവു് പറഞ്ഞു എന്നു് 'ന്യൂയോർക്ക് ടൈംസ്'' എന്ന അമേരിക്കൻപത്രം രേഖപ്പെടുത്തി യിട്ടുണ്ടു്.

കുറെയേറെ അഹമ്മദീയർ കേരളത്തിലുമുണ്ടു്. അഹമ്മദീയർക്കെ തിരെ പാകിസ്ഥാൻ ഗവണ്മെൻറ് കൈക്കൊണ്ടുവരുന്ന മർദ്ദനനടപടിക ളിൽ പ്രതിഷേധിക്കാൻ ഒരു സമ്മേളനം മെയ്മാസത്തിൽ ഇവർ കോഴി ക്കോട്ടു നടത്തുകയുണ്ടായി. ഇവിടെ അവർക്കു് അതിനു സ്വാതന്ത്ര്യമുണ്ട ല്ലോ. രാഷ്ട്രം മതാധിഷ്ഠിതമാകാത്തതിൻെറ ഗുണം!

5–8–1984

# 16. ബഹായികൾ

ഇസ്ലാമികസ്റ്റേററ് ആയ ഇറാനിൽ 'ബഹായികൾ' എന്ന മതവിഭാഗ ക്കാർ അനുഭവിക്കേണ്ടിവരുന്ന കഷ്ടതകളെപ്പററിയാണു് എഴുതുന്നതു്. കഴിഞ്ഞ ജൂലൈ 14–ാം തീയതി ദില്ലിയിൽ ചേർന്ന ഒരു പൊതുയോഗ ത്തിൽ മിസ്സിസ് സേന സോറാബ്ജി എന്ന ഇറാൻകാരിയായ മാന്യ സ്ത്രീ ഇങ്ങനെ പറയുകയുണ്ടായി:

'ഇറാനിലെ ഒരു ചെറുഗ്രാമത്തിലാണു് ഞങ്ങൾ പാർക്കുന്നതു്. ആ ഗ്രാമത്തിലുള്ള ഏതാനും ബഹായികുടുംബങ്ങളിലൊന്നാണു് ഞങ്ങളുടേ തു്. ഏതാനും മാസങ്ങൾക്കുമുമ്പു് ഈ ഗ്രാമത്തിലെ മൊല്ലാക്ക ഇളക്കി വിട്ട ഒരു ജനക്കൂട്ടം ഞങ്ങളുടെ വീടുവളഞ്ഞു.

'അവർ എൻെറ അച്ഛനെ തെരുവിലേക്കു വലിച്ചിഴച്ചുകൊണ്ടുപോ